**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4132** **28-10-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശിക നൽകുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ 08/02/2021-ലെ ജി.ഒ.(പി) നം.25/2021/ഫിൻ ഉത്തരവ് പ്രകാരം പെൻഷൻകാർക്ക് അനുവദിച്ച നാല് ഗഡു ക്ഷാമബത്തയിൽ 2021 സെപ്റ്റംബർ മാസം ലഭിക്കേണ്ട മൂന്നാം ഗഡു ക്ഷാമബത്ത കുടിശ്ശിക ഇതുവരെ പെൻഷൻകാർക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്ഷാമബത്ത കുടിശ്ശിക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ;? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 08/02/2021-ലെ ജി.ഒ (പി) നം.25/2021/ഫിൻ ഉത്തരവ് പ്രകാരം പെൻഷൻകാർക്ക് അനുവദിച്ച നാല് ഗഡു ക്ഷാമാശ്വാസ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പാശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യ സമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരുതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ നിലവിൽ പെന്റിംഗ് ഉള്ള ഈ ഇനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ